## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2908

18.08.2017-ൽ മറുപടിയ്ക്ക്

## മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.വി. കെ. സി. മമ്മത് കോയ<br>" ജോൺ ഫെർണാണ്ടസ്<br>" സി.കൃഷ്ണൻ<br>" കെ.ജെ.മാക്സി | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന തുടർ പദ്ധതികൾക്കു പുറമെ മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഈ സർക്കാർ താഴെ പറയുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു.<br><br>1. ഭൂരഹിത ഭവന രഹിത മത്സ്യത്തൊഴിലാളികൾക്ക് ഭൂമിയും വീടിനുമുള്ള പദ്ധതി.<br>2. കടലോരത്ത് കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്ന പദ്ധതി.<br>3. മെഡിക്കൽ ക്യാമ്പ്.<br>4. അക്ഷരസാഗരം പദ്ധതി<br>5. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സൗജന്യ പി.എസ്.സി, മെഡിക്കൽ എൻട്രൻസ് ബാങ്ക്, സിവിൽ സർവ്വീസ് പരിശീലന പരിപാടി.<br>6. മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കൾ ക്കുള്ള വിദ്യാഭ്യാസ ചെലവ് വഹിക്കൽ.<br>7. വിദ്യാലയത്തിൽ നിന്നുള്ള മത്സ്യത്തൊഴിലാളികളുടെ മക്കളുടെ കൊഴിഞ്ഞു പോക്ക് തടയൽ പദ്ധതി.<br>8. തീരദേശ വിദ്യാലയങ്ങളിൽ അടുക്കളപ്പുര നവീകരണ പദ്ധതി.<br>9. തീരദേശ സർക്കാർ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം പദ്ധതി.<br>10.മത്സ്യത്തൊഴിലാളികളുടെ പെൺമക്കൾക്ക് സൈക്കിൾ നൽകുന്ന പദ്ധതി.<br>11. തീരദേശത്തെ സ്ക്കൂളുകളിൽ കായിക സൗകര്യവും കളിസ്ഥലവും ഏർപ്പെടുത്തുന്ന പദ്ധതി.<br>12. മത്സ്യത്തൊഴിലാളി ഭവന പുനർ വൈദ്യുതീകരണം.<br>13. ഭൂരഹിത മത്സ്യത്തൊഴിലാളികൾക്ക് കെട്ടിട സമുച്ചയം നിർമ്മിക്കുന്ന പദ്ധതി.<br>14. മത്സ്യത്തൊഴിലാളി കോളനി നവീകരണം.<br>15. ആധുനിക സൗകര്യങ്ങളോടു കൂടിയ ഫിഷ് മാർക്കറ്റുകൾ. |

| | | | |
|---|---|---|---|
| | | | 16. ആധുനിക മത്സ്യ വിപണന യൂണിറ്റുകൾ.<br>17. പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് മുഖേന വിദ്യാഭ്യാസ ആനുകൂല്യ വിതരണം.<br>18. ഭവന നിർമ്മാണ/ ഭവന പുനരുദ്ധാരണ പദ്ധതി<br>19. ആരോഗ്യപരമായ ശൗചാലയ നിർമ്മാണ പദ്ധതി.<br>20. തീരദേശത്തെ ആരോഗ്യകേന്ദ്രങ്ങളു ടെയും സ്കൂളുകളുടെയും നവീകരണം. |
| (ബി) | ഭൂരഹിതരും ഭവനരഹിതരുമായ മത്സ്യത്തൊഴിലാളികൾക്ക് ഭൂമിയും വീടും നൽകാനുള്ള എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത്; വിശദാംശം നൽകാമോ; | (ബി) | ഭൂരഹിതരും ഭവന രഹിതരുമായ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം കണ്ടെത്തി ഫ്ളാറ്റ് നിർമ്മിച്ചു നൽകുന്ന "ഭൂരഹിത മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന പദ്ധതി". കൂടാതെ മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനവും ഭൂരഹിതരായ 800 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പാർപ്പിട സൗകര്യത്തിനായി 2 മുതൽ 3 സെന്റ് വരെ ഭൂമി വാങ്ങുന്നതിന് 6 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നതിന് മാനവശേഷി സൗകര്യ വികസന പദ്ധതിയുമാണ് നിലവിലുള്ളത്. |
| (സി) | മത്സ്യത്തൊഴിലാളികൾക്കായി ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി) | ആവിഷ്കരിച്ചിട്ടുണ്ട്. ഭൂരഹിതരും ഭവനരഹിതരുമായ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സുരക്ഷിത പാർപ്പിടം (ഫ്ലാറ്റ്) നിർമ്മിച്ചു നൽകുന്നതിനുള്ള നടപടികൾ ഫിഷറീസ് വകുപ്പ് മുഖേന സ്വീകരിച്ചു വരുന്നു ണ്ട്. ഫ്ളാറ്റുകളെല്ലാം തന്നെ സൗജന്യമായാണ് ഗുണഭോക്താക്കൾക്ക് പണിത് കൈമാറ്റം ചെയ്യുന്നത്. ഭൂരഹിതരും ഭവനരഹിതരുമായ തെരെഞ്ഞെടുക്കപ്പെടുന്ന 275 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം കണ്ടെത്തി ഫ്ളാറ്റ് നിർമ്മിച്ചു നൽകുന്ന "ഭൂരഹിത മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന പദ്ധതി" യുടെ അടങ്കൽ തുക 48.75 കോടി രൂപയാണ്. ഈ പദ്ധതിയിലുൾപ്പെടുത്തി വലിയതുറ മത്സ്യഗ്രാമത്തിൽ 8 ഫ്ളാറ്റുകളുടെ നിർമ്മാണം പൂർത്തീകരിച്ച് കൈമാറ്റം ചെയ്തു കഴിഞ്ഞു. ഇതോടൊപ്പം തന്നെ മുട്ടത്തറ വില്ലേജിൽ 192 ഫ്ളാറ്റുകളുടെ നിർമ്മാണം ആരംഭിച്ചുകഴിഞ്ഞു. കൂടാതെ 4.70 കോടി രൂപ അടങ്കൽ തുകയിൽ അടിമലത്തുറ മത്സ്യഗ്രാമത്തിൽ 100 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഫ്ളാറ്റ് നിർമ്മിച്ചു നൽകുന്ന പദ്ധതി യും നിലവിലുണ്ട്. |
| (ഡി) | കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനുള്ള | (ഡി) | സംസ്ഥാനത്ത് കടൽ ക്ഷോഭത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട 248 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി 25 കോടി രൂപയുടെ പ്രത്യേക പാക്കേജിന് |

| | | | |
|---|---|---|---|
| | പ്രത്യേക പാക്കേജിന് അംഗീകാരമായിട്ടുണ്ടോ; എങ്കിൽ ഇതുപ്രകാരം മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | | 2016–17 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി ലഭിച്ചിരുന്നു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് ജില്ലകളിലെ 248 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കാണ് പദ്ധതി ആനുകൂല്യം ലഭിയ്ക്കുന്നത്. കടലാക്രമണത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പാർപ്പിട സൗകര്യത്തിനായി 2 മുതൽ 3 സെന്റ് വരെ ഭൂമി വാങ്ങി വീട് വയ്ക്കുന്നതിന് 10 ലക്ഷം രൂപ വീതം ധനസഹായമായി നൽകുന്നു. |

സെക്ഷൻ ഓഫീസർ